**PRESS RELEASE**

**22-08-2023**

**Tuesday**

## Kerala mulling over bringing fruit cultivation under plantation: Minister

Kochi, Aug 22: Kerala is considering bringing fruit cultivation under the plantation sector so as to boost investment and innovation as envisioned in the state's 2023 Industrial Policy, which will also enable food-processing units to source material for value-addition from the state, Industries Minister Shri P. Rajeeve said today.

The government will shortly take a call on this proposal as fruit cultivation is sustainable business model with growth potential and can accelerate the development of the food-processing sector that is identified as one of the promising domains in the policy, he said after inaugurating the Regional Industry Meet for food-processing units, organized here by the Kerala State Industrial Development Corporation (KSIDC). The Industrial Policy, approved in March, had enlisted value addition provisions in plantation as one of the priority areas for bringing in investment to the State, he pointed out.

The industry meet was held in the run-up to the November 3-5 World Food India at Delhi. Kerala is a partner-state of the three-day summit being organized by the Union Ministry of Food Processing.

"The state's first spice-processing park will be inaugurated next month at Thodupuzha (Idukki district), while the foundation stone will be laid for the pioneering carbon-neutral park in Wayanad in October," Shri Rajeeve said at the event, chaired by Principal Secretary (Industries and Health) Shri A.P. M. Mohammad Haneesh.

Noting that the government was implementing an array of projects to promote food-processing, the Minister said the state saw 1,39,000 new units being registered under

the sector in the past year, adding “Innovation is the key to the growth of food-processing”.

Accelerating the state’s economic development will be private industrial parks and campus industrial parks, he said. Private industrial parks starting in at least 10 acres of land are eligible for a grant of up to Rs three crore. So far, eight such projects have received official clearance, while six more are under consideration. Apart from these, authorities have received 25 applications online.

Further, Kerala Industrial Infrastructure Development Corporation (KINFRA) is starting ten small industrial parks. These facilities that meet the mandatory requirement of ten acres will be eligible for Rs 10-crore grant, Shri Rajeeve added.

Emphasising the need to leverage new technologies, the Minister said applying nanotechnology in genomics can usher in wonder, recalling that the state had opened the country’s first genome data centre five months ago in a bid to help industry use state-of-the-art data services.

KSIDC Chairman Shri Paul Antony delivered the keynote address.

Shri Mohammad Hanish, in his presidential address, said the state should focus on niche products while promoting innovation and technology. “We must find stronger markets in Africa, Eastern Europe and the Americas, for which our value addition to food should be world-class,” he noted, stressing the need to penetrate markets beyond the Persian Gulf.

KSIDC Managing Director Shri S. Harikishore, in his power-point presentation, said Kerala was planning at least 10 mini food parks (through KINFRA) with each of them owning 10 acres of land, thus earning a support of up to Rs 10 crore each for infrastructure development.

Further, a new export policy was in the pipeline in the backdrop of the state’s 2023 Industrial policy. With its focus on ‘Responsible Investments/ Responsible Industry’

the government has identified 22 priority sectors, which includes food technology. For the first time, the government has announced 18 incentives, he added.

A three-member team in all districts will facilitate investment proposals, while a Statutory Grievance Redressal mechanism (online system) is available to file grievances/ complaints, single-window committees are available to facilitate providing licenses at the state and district levels.

Shri Minhaj Alam, Additional Secretary, Union Ministry of Food Processing, in his special address highlighted the salient features of the World Food India being organized in Delhi.

## പഴക്കൃഷിയെ തോട്ടവിളയായി കണക്കാക്കുന്നത് സജീവ പരിഗണനയിൽ- പി രാജീവ്

കൊച്ചി: പഴക്കൃഷിയെ തോട്ടവിളയായി കണക്കാക്കുന്നത് സർക്കാരിൻറെ സജീവ പരിഗണനയിലാണെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. ഭക്ഷ്യസംസ്ക്കരണ മേഖലയ്ക്കായി കൊച്ചിയിൽ നടത്തിയ പ്രാദേശിക വ്യവസായ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പും കേരള സർക്കാരും ചേർന്ന് നടത്തുന്ന വേൾഡ് ഫുഡ് ഇന്ത്യ വ്യവസായ സംഗമത്തിന് മുന്നോടിയായാണ് പ്രാദേശിക വ്യവസായസമ്മേളനം നടത്തിയത്. നവംബർ മൂന്നു മുതൽ അഞ്ചുവരെ ഡൽഹി പ്രഗതി മൈതാനിയിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ സംഗമത്തിൻറെ സ്റ്റേറ്റ് പാർട്ണർ ആണ് കേരളം.

തോട്ടവിളകളെ വ്യവസായ വകുപ്പിന് കീഴിലേക്ക് എത്തിച്ചു കൊണ്ടാണ് സംസ്ഥാന സർക്കാർ പുതിയ വ്യവസായനയം പ്രഖ്യാപിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതിൻറെ

ചുവടുപിടിച്ചാണ് പഴക്കൃഷിയെക്കൂടി തോട്ടവിളയായി പരിഗണിക്കാനാകുമോയെന്ന് സംസ്ഥാന സർക്കാർ പരിശോധിക്കുന്നത്. ഉടൻ തന്നെ സർക്കാർ ഇതു സംബന്ധിച്ച തീരുമാനമെടുക്കുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്താദ്യമായി ആരംഭിക്കുന്ന സ്പൈസ് പ്രോസസിംഗ് പാർക്ക് സെപ്തംബറിൽ തൊടുപുഴയിൽ ഉദ്ഘാടനം നടത്തുമെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ആദ്യ കാർബൺ ന്യൂട്രൽ പാർക്കിനും ഒക്ടോബറിൽ തറക്കല്ലിടും. പരമ്പരാഗതമായ ഭക്ഷ്യസംസ്ക്കരണ ശീലങ്ങളിൽ നിന്നും നാം മാറി ചിന്തിക്കേണ്ടതുണ്ട്. ലോകവിപണിയെ ലക്ഷ്യം വച്ചു കൊണ്ടാകണം ഓരോ ഭക്ഷ്യസംസ്ക്കരണ യൂണിറ്റും പ്രവർത്തിക്കേണ്ടത്.

ഭക്ഷ്യസംസ്ക്കരണ മേഖലയിൽ നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. 1,39,000 ഓളം പുതിയ വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തു. സ്വകാര്യ വ്യവസായ പാർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്നിവയും സംസ്ഥാനത്തിൻറെ വ്യവസായ മേഖലയിൽ പുരോഗതി കൊണ്ടു വരും. കുറഞ്ഞത് പത്ത് ഏക്കർ സ്ഥലത്ത് തുടങ്ങുന്ന സ്വകാര്യ വ്യവസായ പാർക്കുകൾക്ക് മൂന്ന് കോടി രൂപയുടെ സഹായം നൽകും. ഇതു വരെ എട്ട് പാർക്കുകൾക്ക് അനുമതി നൽകി, ആറെണ്ണം പരിഗണനയിലാണ്. 25 പാർക്കുകൾ ഓൺലൈനായി അപേക്ഷ നൽകിയിട്ടുണ്ട്. കിൻഫ്ര വഴി പത്ത് ചെറുകിട ഫുഡ് പാർക്കുകൾ തുടങ്ങും. പത്തേക്കറെങ്കിലും പാർക്കുകൾക്ക് സ്ഥലം ആവശ്യമാണ്. അടിസ്ഥാന സൗകര്യ വികസനത്തിന് പാർക്കൊന്നിന് പത്തു കോടി രൂപ നൽകും.

നൂതനത്വമാണ് ഭക്ഷ്യസംസ്ക്കരണ മേഖലയിൽ അത്യാവശ്യമായി ഏർപ്പെടുത്തേണ്ടത്. നാനോ-ജീനോം സാങ്കേതിവിദ്യ തുടങ്ങിയവയ്ക്ക് ഈ മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. രാജ്യത്തെ ആദ്യ ജീനോം ഡാറ്റാ സെൻറർ കേരളത്തിൽ അടുത്തിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വ്യവസായമേഖലയ്ക്ക് ഈ ഡാറ്റാസേവനങ്ങൾ ഉപയോഗിക്കാവുന്നതാണെന്നും വ്യവസായമന്ത്രി പറഞ്ഞു.

മൂല്യവർധിത ഉത്പന്നങ്ങളിൽ കൂടുതൽ നൂനത്വവും ശാസ്ത്രീയ സാങ്കേതിക വിദ്യയും ഉപയോഗിക്കണമെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. നവ വിപണികളായ ആഫ്രിക്ക, കിഴക്കൻ യൂറോപ്പ്, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലേക്ക് കടന്നു കയറാൻ നമ്മുടെ ഭക്ഷ്യ വ്യവസായത്തിന് സാധിക്കണം. അതിന് ലോകനിലവാരത്തിലുള്ള മൂല്യവർധിത ഉത്പന്നങ്ങൾ വേണം. ഗൾഫ് രാജ്യങ്ങൾക്കപ്പുറത്തേക്കുള്ള വിപണിയെക്കുറിച്ച് ഭക്ഷ്യവ്യവസായം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വകുപ്പ് അഡി. സെക്രട്ടറി മിൻഹാജ് ആലം, കെഎസ്ഐഡിസി എംഡിയും വ്യവസായ വകുപ്പ് ഡയറക്ടറുമായ എസ് ഹരികിഷോർ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി തുടങ്ങിയവർ സംസാരിച്ചു. ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സഹകരണം, പിന്തുണ എന്നിവയെക്കുറിച്ചുള്ള വിശദമായ ചർച്ചയും ചോദ്യോത്തരവും വേൾഡ് ഫുഡ് ഇന്ത്യയെക്കുറിച്ചുള്ള അവതരണവും പരിപാടിയിൽ നടന്നു.